ഉത്തരം

(എ) ഉണ്ട്.

(ബി) 1372 പരാതികൾ ഇതുവരെ ലഭിച്ചു. ഇതിൽ 1269 പരാതികളിൽ മേൽ നടപടികൾ സ്വീകരിച്ചു.

(സി) ഇല്ല.

(ഡി) പോലീസ് വകുപ്പിൽ ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ ബന്ധപ്പെട്ട രേഖകൾ രഹസ്യ സ്വഭാവം ഉള്ളതിനാൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

(ഇ) & (എഫ്) അഴിമതിയും മറ്റും തടയുന്നതിന് പോലീസ് വകുപ്പിൽ നിലവിലുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

സർക്കാർ ജീവനക്കാരുടെ പെൻഷണർമാരായ മാതാപിതാക്കളുടെ ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ലഭ്യമാക്കാൻ നടപടി

36 [3731] *ശ്രീ. കെ. പി. മോഹനൻ:*

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

„ *സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരന്റെ മാതാപിതാക്കൾ സർവ്വീസ് പെൻഷണർ ആണെങ്കിൽ അവരുടെ ചികിത്സയ്ക്കായി ചെലവാകുന്ന തുക ജീവനക്കാരന് റീ-ഇംപേഴ്സ്മെന്റ് ചെയ്തു നൽകരുതെന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സർവ്വീസ് പെൻഷൻ ലഭിക്കുന്നുവെന്ന കാരണത്താൽ മാതാപിതാക്കൾ ജീവനക്കാരന്റെ ആശ്രിതരല്ലാതായിത്തീരുന്നു എന്ന വ്യവസ്ഥ തിരുത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കാമോ;

(ഡി) വളരെ മുമ്പ് സർവ്വീസിൽ നിന്നും പെൻഷനായ, തുച്ഛമായ തുക പെൻഷനായി വാങ്ങുന്നവർക്ക്, ഹൃദയ സംബന്ധമായി അസുഖങ്ങൾക്കും മാരകമായ രോഗങ്ങൾക്കും, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ആവശ്യമായ ചികിത്സ നൽകാൻ കഴിയാതിരിക്കുന്ന അവസ്ഥ ഈ സർക്കുലർ സൃഷ്ടിക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ പ്രസ്തുത സർക്കുലറിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി വച്ചിരിക്കുന്നു.†

(സി) മെഡിക്കൽ അറ്റന്റൻസ് റൂൾസ് പ്രകാരം ജീവനക്കാരനെ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. എന്നാൽ പെൻഷൻ വാങ്ങുന്ന ആൾ സർക്കാർ ജീവനക്കാരന്റെ പൂർണ്ണ ആശ്രയത്തിൽ അല്ലാത്തതിനാൽ നിയമപ്രകാരം റീ-ഇംപേഴ്സ്മെന്റ് അനുവദിക്കാൻ നിർവാഹമില്ല.

(ഡി) & (ഇ) സർക്കാരിന് വന്പിച്ച ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ തൽക്കാലം ഈ വ്യവസ്ഥകൾ പിൻവലിക്കാൻ കഴിയുകയില്ല. ഈ പശ്ചാത്തലത്തിലാണ് സാമൂഹ്യസുരക്ഷയുടെ ഭാഗമായി ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കാൻ ആലോചനയുള്ളത്.

സർക്കാർ വകുപ്പുകളിൽ രൂപീകരിച്ചിട്ടുള്ള വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനങ്ങളും

37 [3732] *ഡോ. തോമസ് ഐസക്:*

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

„ രാജു എബ്രഹാം:

„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ രൂപീകരിച്ചിട്ടുള്ള വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) വകുപ്പുതലത്തിൽ ലഭിക്കുന്ന പരാതികൾ അന്വേഷണം നടത്തി മേൽ നടപടികൾക്കായി വിജിലൻസ് സമർപ്പിക്കുന്ന റിപ്പോർട്ടിൻമേൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിവിധ വകുപ്പുകൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിജിലൻസിനു സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly